# ആയുർവ്വേദ മരുന്നുകൾക്ക് നികുതി ഇളവ് സർക്കാർ ആലോചനയിൽ: മുഖ്യമന്ത്രി

തിരുവനന്തപുരം: ആഗോള ആയുർവ്വേദ ഉത്സവത്തിനോടനുബന്ധിച്ച് നടന്ന അന്തർദേശീയ ബിസിനസ് മീറ്റ് മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്തു. 'മറ്റാർക്കും വെല്ലുവിളിക്കാനാവാത്ത വിധം കേരളം ആയുർവ്വേദത്തിൽ അഗ്രഗണ്യരാണ്. ഇവിടുത്തെ ആളുകൾ ഈ മഹത്തായ ഔഷധ വ്യവസ്ഥയുടെ പിൻതുടർച്ചക്കാരാണ്'. അദ്ദേഹം അഭിപ്രായപ്പെട്ടു.

ആയൂർവ്വേദ സ്പാകളും സുഖചികിത്സാകേന്ദ്രങ്ങളും ആയൂർവ്വേദത്തെ അഭിവൃദ്ധിപ്പെടുത്തുന്ന അതേ അവസരത്തിൽ തന്നെ ആധികാരികമായ ഉത്പന്നങ്ങൾ നൽകി കേരളം ഈ മഹത്തായ പാരമ്പര്യത്തെ പരിപോഷിപ്പിക്കുന്നു. കഴിഞ്ഞ ആഴ്ച ശ്രീ സാം പിട്രോഡ കേരളം സന്ദർശിച്ചപ്പോൾ വികസനം ആവശ്യമായ 10 മേഖലകളിൽ ഒന്നായി ആയൂർവ്വേദത്തെ ചൂിക്കാണിച്ചിരുന്നു. കേരളത്തിന്റെ വികസനത്തിൽ പ്രധാനപ്പെട്ട ഒരു പദ്ധതി തന്നെയാണ് ആയൂർവ്വേദം. ഇതിനായി കേരള സർക്കാർ വേ നടപടികൾ എടുത്തുകഴിഞ്ഞു. ആരോഗ്യരംഗത്തെ ആവശ്യങ്ങൾക്ക് വേി മാത്രമല്ല മറിച്ച് സാമ്പത്തിക വളർച്ചയ്ക്കും കേരളം ആയൂർവ്വേദത്തെ ഉപയോഗിക്കണമെന്ന് സാം പിട്രോഡ നിർദ്ദേശിച്ചതായി അദ്ദേഹം കൂട്ടിച്ചേർത്തു.

ആയൂർവ്വേദത്തിലെ 7 നിർദ്ദിഷ്ട മേഖലകളെ അതിന്റെ വളർച്ചയ്ക്കായി കേരള സർക്കാർ തെരഞ്ഞെടുത്തിട്ടു്. ഔഷധ സസ്യങ്ങളുടെ ലഭ്യതയില്ലായ്മ ആയൂർവ്വേദത്തിന്റെ പ്രധാന ആശങ്കയാണ്. ഔഷധ സസ്യങ്ങളുടെ കൃഷി വർദ്ധിപ്പിക്കുന്നതിനായുള്ള നിയമം വളരെ വേഗം യു ഡി എഫ് സർക്കാർ ഫലത്തിൽ കൊുവരുമെന്ന് അദ്ദേഹം ഉറപ്പ് നൽകി.

സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്കിലും സാമ്പത്തിക മേഖലയിലും ആയൂർവ്വേദ മേഖലയിലെ വളർച്ച മാറ്റം കൊുവരമെന്ന് അദ്ദേഹം പ്രത്യാശിച്ചു. ആയൂർവ്വേദ മരുന്നുകൾക്ക് നികുതി ഇളവ് നൽകുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നതായും അദ്ദേഹം പറഞ്ഞു.

ഇതുപോലെ ആയൂർവ്വേദ മേഖലയുടെ വളർച്ചയ്ക്കായുള്ള എല്ലാ സഹായങ്ങളും സർക്കാരിന്റെ ഭാഗത്ത് നിന്നുാകുമെന്നും ഉമ്മൻചാണ്ടി കൂട്ടിച്ചേർത്തു.

ഗ്ലോബൽ ആയൂർവ്വേദ ഫെസ്റ്റിന്റെ വിജയത്തിൽ സന്തോഷം പ്രകടിപ്പിച്ച അദ്ദേഹം കേരളത്തിലെ ആയൂർവ്വേദ

സമൂഹത്തെ മുഴുവൻ ഒരു കുടക്കീഴിൽ നിർത്താൻ കഴിഞ്ഞതിൽ ഗ്ലോബൽ ആയുർവ്വേദ ഫെസ്റ്റ് വിജയിച്ചുവെന്നും സിസ്സയുമായുള്ള കൂട്ടായ്മ ഏറെ ഫലവത്തായെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കേന്ദ്ര കോമേഴ്സ് വകുപ്പ് ജോയിന്റ് സെക്രട്ടറി ശ്രീമതി മൃദുല ജെയിൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സിസ്സ പ്രസിഡന്റ് ഡോ. ജി. ജി ഗംഗാധരൻ സ്വാഗതം പറഞ്ഞു. ആയുർവ്വേദ മേഖല ഏറെ വെല്ലുവിളികൾ നേരിടുന്നുവെന്നും കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ഏറെ സഹായം ഈ മേഖലയ്ക്ക് വളരെ ആവശ്യമാണെന്നും അധ്യക്ഷ പ്രസംഗത്തിൽ ഡോ. മൃദുല ജെയിൻ അഭിപ്രായപ്പെട്ടു. വ്യവസായത്തിന് ഏറെ വളക്കൂറുള്ള മണ്ണാണ് കേരളമെന്ന് ഇഗ്നോ വൈസ് ചെയർമാൻ ശ്രീ വി. എസ്. രാജശേഖരൻ പിള്ള അഭിപ്രായപ്പെട്ടു. ഔഷധ സസ്യങ്ങൾ വെച്ചുപിടിപ്പിക്കേത് ഏറെ അനിവാര്യമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ആയുർവ്വേദ രീതികൾ കൊ് ജലശുദ്ധീകരണം നടത്തുന്നത് ഏറെ

ഫലപ്രദമാണെന്നും അദ്ദേഹം ചൂിക്കാട്ടി. ലോകത്തൊട്ടാകെ 'ആയുർവ്വേദം' ഒരു പ്രതിഭാസമായി പ ടർന്നുപിടിക്കുകയാണെന്ന് ഫാർമെക്സിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം രഞ്ജിത് പുരാനിക് അഭിപ്രായപ്പെട്ടു. ഗ്ലോബൽ ആയുർവ്വേദ ഫെസ്റ്റ് സംഘടിപ്പിച്ച കേരള സർക്കാരിനെയും കൊമേഴ്സ് ഡിപ്പാർട്ട്മെന്റിനെയും അഭിനന്ദിക്കാനും അദ്ദേഹം മറന്നില്ല. ആയുർവ്വേദം എന്ന മേഖലയെ ഏറെ സാധ്യതയോടുകൂടിയാണ് കേരള സർക്കാർ നോക്കി കാണുന്നതെന്ന് പത്മശ്രീ പി. ആർ. കൃഷ്ണകുമാർ അഭിപ്രായപ്പെട്ടു.

ആയുർവ്വേദത്തിന്റെയും ടൂറിസത്തിന്റെയും സങ്കലനം ആഗോളതലത്തിൽ കേരളത്തിന് വളരെയേറെ സാമ്പത്തിക സാധ്യതകൾ തുറന്നുകൊടുക്കുന്നുന്ന് കിംസ് ആശുപത്രി എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ ഇ എം നജീബ് അഭിപ്രായപ്പെട്ടു.

ശ്രീ എ ജയരാജിന്റെ നന്ദിപ്രകാശനത്തോടെ ബിസിനസ് മീറ്റ് അവസാനിച്ചു. ഏകദേശം 15 ഓളം പരിപാടികൾ നടക്കുന്ന ഗ്ലോബൽ ആയുർവ്വേദ ഫെസ്റ്റിൽ വിവിധ അന്തർദേശീയ സെമിനാറുകളിലായി 3000ത്തോളം

ആയുർവ്വേദ പണ്ഡിതർ പങ്കെടുക്കുന്നു. ഗ്ലോബൽ ആയുർവ്വേദ ഫെസ്റ്റിന്റെ ഭാഗമായി നടക്കുന്ന 'ആയുഷ്

എക്സ്പോ' ഏറെ ജനശ്രദ്ധയാകർഷിക്കുന്നു.അന്തർദേശീയ ബിസിനസ് മീറ്റ് കേരളത്തിലും വിദേശത്തും ആയുർവ്വേദത്തിന് മികച്ച വഴികൾ തുറന്നുകൊടുക്കുമെന്ന് അദ്ദേഹം പറഞ്ഞു.

തുടർന്ന് കേന്ദ്ര കോമേഴ്സ് വകുപ്പ് ജോയിന്റ് സെക്രട്ടറി മൃദുല ജെയിനിന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ പി. വി. അപ്പാജി, രഞ്ജിത് പുരാനിക്, ആർ എസ് ജയവർദ്ധനെ എന്നിവർ സംസാരിച്ചു.

'ആയുർവ്വേദ ഉത്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിൽ ഫാർമെക്സലിന്റെ പങ്ക്' എന്ന വിഷയത്തിൽ പി. വി അപ്പാജി സംസാരിച്ചു. സാർക്ക് രാജ്യങ്ങളിൽ ആയുർവ്വേദ മരുന്നുകളുടെ വിപണന സാധ്യത വർദ്ധിപ്പിക്കുകയെന്നതാണ് പ്രധാന ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു. ശക്തമായ ഇച്ഛാശക്തിയുങ്കെിൽ മാത്രമേ ഈ ലക്ഷ്യം നമുക്ക് നേടിയെടുക്കാനാകുകയുള്ളുവെന്ന് അദ്ദേഹം വ്യക്തമാക്കി. തുടർന്ന് സംസാരിച്ച രഞ്ജിത് പുരാനിക് ഫാർമെക്സലിന്റെ കീഴിലുള്ള ആയുഷ് സെല്ലിന്റെ പ്രവർത്തനങ്ങളെപ്പറ്റി വിശദീകരിച്ചു. ആയുഷ് സെല്ലിൽ ആയുർവ്വേദം, സിദ്ധം,ഹോമിയോപ്പതി, ഹെർബൽ, എക്സ്ട്രാക്ട്സ് ആന്റ് വാല്യു ആഡഡ് പ്രോഡക്ട്സ് എന്നിവയിലെ പ്രമുഖരാണ് അംഗങ്ങളായിട്ടുള്ളത്. അസംസ്കൃത പ ച്ചമരുന്നുകളുടെ കയറ്റുമതി ആയുഷ് പ്രോത്സാഹിപ്പിക്കാറില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ആയുർവ്വേദ ഔഷധങ്ങളേയും മറ്റു നാടൻ മരുന്നുകളേയും ആസ്പദമാക്കി രാജ്യാന്തര സെമിനാറുകൾ, മേളകൾ,

ഉപഭോക്തൃ മേളകൾ തുടങ്ങിയവ സംഘടിപ്പിക്കുക എന്നതാണ് 'ആയുഷ്' വിഭാഗത്തിന്റെ പ്രവർത്തനത്തിൽ

ഉൾക്കൊള്ളിച്ചിരിക്കുന്നത്. ആയൂർവ്വേദ ഉത്പന്നങ്ങളുടെ കയറ്റുമതിയിൽ 'ആയൂഷ്' വഹിക്കുന്ന പങ്കും അദ്ദേഹം വ്യക്തമാക്കി. ഇത്തരത്തിലുള്ള ഉത്പന്നങ്ങളുടെ കയറ്റുമതിക്കും മറ്റും വിദേശനികുതിയിനത്തിലുമായി കോടിക്കണക്കിന് രൂപയാണ് ചെലവഴിക്കേി വരുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.2012 മാർച്ചിൽ ബാംഗ്ലൂരിൽ വെച്ച് നടക്കുന്ന ഉപഭോക്തൃ ഉത്സവത്തിൽ പങ്കെടുക്കാൻ എല്ലാ ഔഷധ നിർമ്മാതാക്കളെയും അദ്ദേഹം സ്വാഗതം ചെയ്തു.

ആയൂർവ്വേദത്തെ ഒരു സൗന്ദര്യ വർദ്ധക വസ്തുവോ വിനോദ സഞ്ചാരികൾക്ക് വിശ്രമവേളയോ ആയിട്ടാണ് വിദേശീയർ കണക്കാന്നതെന്നും ആയൂർവ്വേദത്തിന്റെ യഥാർത്ഥമൂല്യം അവർ തിരിച്ചറിയുന്നില്ലെന്നും അധ്യക്ഷ മൃദുല ജെയിൻ അഭിപ്രായപ്പെട്ടു. ആയൂർവ്വേദത്തെ ഒരു ചികിത്സ എന്ന രീതിയിൽ സംശുദ്ധ ശാസ്ത്രമായി കണക്കാക്കണം. ആയൂർവ്വേദത്തെ സാധാരണക്കാരുടെ മുന്നിൽ ഭാരതത്തിന്റെ പൂർണ്ണ പി ന്തുണയില്ലാതെ ശ്രീലങ്കൻ ഔഷധ പാരമ്പര്യം ലോകത്തിന് മുന്നിൽ അവതരിപ്പിക്കാൻ ആവില്ലെന്നും ആർ എസ് ജയവർദ്ധന അഭിപ്രായപ്പെട്ടു. ഭാരതവും ശ്രീലങ്കയും ഭൂമിശാസ്ത്രപരമായി രാണെങ്കിലും വികാരപരമായി ഒന്നാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പാരമ്പര്യ ഔഷധമേഖലയിൽ ഭാരതവും ശ്രീലങ്കയും

എം. ഒ. യു ഉടൻ തന്നെ ഒപ്പുവെയ്ക്കുമെന്നും അദ്ദേഹം പറഞ്ഞു. 'യഥാ ഭാരതേ തഥാ ശ്രീലങ്കേ' എന്നു പ റഞ്ഞു കൊ് അദ്ദേഹം പ്രസംഗം അവസാനിപ്പിച്ചു.

ആഗോള തലത്തിൽ ആയൂർവ്വേദത്തിന് ഒരു പൊതുവായ അടിത്തറ കത്തെുന്നതിനായി സാർക്ക് രാജ്യങ്ങൾ തമ്മിൽ നടന്ന ഉഭയകക്ഷി ചർച്ചയിൽ പരമ്പരാഗത ചികിത്സാരീതികളുടെ ഉന്നമനത്തിനായുള്ള മെമ്മോറാം ഓഫ് അർസ്റ്റാൻഡിംഗി (എം ഒ യു) നെ കുറിച്ചുള്ള ചർച്ചകളും നടന്നു.

ഫാർമക്സിൽ ഡയറക്ടർ ഡോ. പി വി അപ്പാജി അധ്യക്ഷത വഹിച്ച ചടങ്ങിൽ ഗ്ലോബൽ ആയൂർവ്വേദിക് ഫെസ്റ്റ് വർക്കിംഗ് ചെയർമാൻ ഡോ. ജി.ജി ഗംഗാധരൻ, രഞ്ജിത്ത് പുരാനിക്, ഡോ. കെ അനിൽകുമാർ, ഡോ. ആർ രാമനാഥൻ, കരിംപുഴ  രാമൻ, അജയരാജ് പാലശ്ശേരി എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

ഉഭയകക്ഷി സഹകരണത്തോടെ പരമ്പരാഗത ചികിത്സാ രീതികളെ വികസിപ്പിക്കാൻ ലക്ഷ്യമിട്ടുകൊ ുള്ളതാണ് എം ഒ യു.  ഇതിൽ ഇന്ത്യയുടെ പ്രതിനിധി ആയൂഷ് ആണ്.

ആയൂർവ്വേദ വിദ്യാഭ്യാസം, പരമ്പരാഗത ചികിത്സ, മരുന്നുകൾ, മറ്റു ചികിത്സകൾ  എന്നീ രംഗങ്ങളുടെ സമ്പൂർണ്ണ പ്രചരണമാണ് പ്രധാനമായും എം ഒ യുവിൽ ഉദ്ദേശിക്കുന്നത്.

14.02.2012 വൈകീട്ട് 4 മണിക്ക് വ്യവസായ മന്ത്രി പി കെ കുഞ്ഞാലിക്കുട്ടി പങ്കെടുക്കുന്ന സമാപന ചടങ്ങോടെ ആഗോള ആയൂർവ്വേദ ഉത്സവത്തിന് സമാപനമാകും.

For more info:
Dr. C. Suresh Kumar/ General Secretary, CISSA
09447205913
Sanjeev / Vishnu
09847044636/ 8089987857
Siyahi – The Content & PR People